പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 391

27/09/2011-ൽ മറുപടിക്ക്

## ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. കെ. വിജയൻ | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകളിൽ പഠിപ്പിക്കുന്ന ടീച്ചർമാരുടെ യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ നിശ്ചയിച്ചിട്ടുള്ളതും ദീനദയാൽ റീഹാബിലിറ്റേഷൻ സ്കീമിൽ നടപ്പാക്കി വരുന്നതുമായ മിനിമം യോഗ്യതയാണ് ബഡ്സ് സ്കൂളുകളുടെ അധ്യാപക നിയമനത്തിൽ പാലിച്ചു വരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| തസ്തിക | യോഗ്യത |
|---|---|
| ട്രെയിൻഡ് ഗ്രാജ്വേറ്റ് ടീച്ചർ | ഗ്രാജ്വേഷനും സ്പെഷ്യൽ എജ്യൂക്കേഷനിൽ ബി.എഡും ഇല്ലെങ്കിൽ ബിരുദത്തിനോടൊപ്പം ഡിപ്ലോമയും 3 വർഷത്തെ പ്രവർത്തന പരിചയവും |
| അസി.ടീച്ചർ | പ്ലസ് ടു / പ്രീഡിഗ്രി, ഡിപ്ലോമ ഇൻ സ്പെഷ്യൽ എജ്യൂക്കേഷനിൽ ഒരു വർഷത്തെ പ്രവർത്തി പരിചയവും |
| സ്പീച്ച് തെറാപ്പിസ്റ്റ് | സ്പീച്ച് തെറാപ്പിയിൽ ബിരുദം |
| ആയ, പ്യൂൺ | കുറഞ്ഞത് എട്ടാം ക്ലാസ് വിജയിച്ചിരിക്കണം |

അധ്യാപകർ ആർ.സി.ഐ രജിസ്ട്രേഷൻ ഉള്ളവരായിരിക്കേണ്ടതുമാണ്.

| | |
|---|---|
| (ബി) നിലവിൽ യോഗ്യത നേടിയവരാണോ ഇത്തരം സ്കൂളുകളിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ബി) 2010 മാർച്ചിനു ശേഷം വിദ്യാഭ്യാസ വകുപ്പിന്റെ പി.ഡബ്ല്യു.ഡി ആക്റ്റ് പ്രകാരം അംഗീകാരം നേടിയ എല്ലാ ബഡ്സ് സ്കൂളുകളിലേയും അധ്യാപകർ നിശ്ചിത യോഗ്യത നേടിയവരാണ്. എന്നാൽ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ മേഖലയിൽ 15.09.2011 ൽ അംഗീകാരം നൽകിയ 7 ബഡ്സ് സ്കൂളുകളിൽ യോഗ്യരായ അധ്യാപകർ ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ ഒരു വർഷത്തിനുള്ളിൽ പ്രസ്തുതയോഗ്യത ആർജ്ജിക്കണമെന്നുള്ള നിബന്ധനയ്ക്ക് വിധേയമായിട്ടാണ് പ്രസ്തുത ബഡ്സ് സ്കൂളുകൾക്ക് വിദ്യാഭ്യാസ വകുപ്പ് അംഗീകാരം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ